പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4539

21.03.2018 ൽ മറുപടിക്ക്

## സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

| ചോദ്യം<br>ശ്രീ.കെ.സി.ജോസഫ്<br>,, കെ.മുരളീധരൻ<br>,, റോജി എം. ജോൺ<br>,, ഹൈബി ഈഡൻ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സർക്കാർ പ്രഖ്യാപിച്ച സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (എ) | സർക്കാർ പ്രഖ്യാപിച്ച സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ രൂപരേഖ തയ്യാറാക്കി വരുന്നതേയുള്ളൂ. |
| (ബി) | ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ വൻകിട കോർപ്പറേറ്റ് ആശുപത്രികളെ ഒഴിവാക്കി സർക്കാർ / ഇടത്തരം സ്വകാര്യ ആശുപത്രികളിലേക്ക് പരിമിതപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | ഇല്ല. ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി മാനദണ്ഡം പാലിക്കുന്ന ഏതൊരു ആശുപത്രിക്കും അംഗമാകാവുന്നതാണ്. |
| (സി) | അർബുദം, വൃക്കരോഗം, കരൾ, തലച്ചോറിലെ ട്യൂമർ എന്നിവയ്ക്ക് സൗജന്യ ചികിത്സ ഉറപ്പാക്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ? | (സി) | ഉണ്ട്. ആർ.എസ്.ബി.വൈ / ചിസ് പദ്ധതിക്ക് പുറമേ ചിസ് പ്ലസ് എന്ന സംസ്ഥാന സർക്കാരിന്റെ മാത്രം പദ്ധതി പ്രകാരം അർബുദം, വൃക്കരോഗം, കരൾ, തലച്ചോറിലെ ട്യൂമർ എന്നിവയ്ക്ക് 70,000/- രൂപയുടെ അധിക ചികിത്സാ സഹായം സർക്കാർ മെഡിക്കൽ കോളേജുകൾ, ജില്ലാ ആശുപത്രികൾ, തെരഞ്ഞെടുക്കപ്പെട്ട താലൂക്ക് ആശുപത്രികൾ, RCC, MCC, ശ്രീചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് & ടെക്നോളജി തുടങ്ങിയ സ്ഥാപനങ്ങൾ മുഖേന നൽകിവരുന്നുണ്ട്. കൂടാതെ താഴെ പറയുന്ന പദ്ധതികൾ പ്രകാരവും അർബുദം, വൃക്കരോഗം, കരൾ, തലച്ചോറിലെ ട്യൂമർ എന്നീ ചികിത്സയ്ക്ക് ധനസഹായം നൽകിവരുന്നു.<br>1. സംസ്ഥാന ലോട്ടറി വകുപ്പിന്റെ കാരുണ്യ ബനവലന്റ് ഫണ്ട് പദ്ധതി പ്രകാരം 3 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നു.<br>2. ആരോഗ്യ വകുപ്പിന്റെ സുകൃതം പദ്ധതി പ്രകാരം 3 ലക്ഷം രൂപ വരെയും നിർദ്ധനരായ രോഗികൾക്ക് ചികിത്സാ സഹായം നൽകിവരുന്നുണ്ട്.<br>3. സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു പുവർ പദ്ധതി പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലൂടെ കാൻസർ രോഗികൾക്ക് ധനസഹായം നൽകിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ